**കേരളസർക്കാർ**

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്**

**<u>വിജ്ഞാപനം</u>**

**പൊളിറ്റിക്കൽ-5/97/2024- പൊ.ഭ.വ** **തീയതി, തിരുവനന്തപുരം 30.07.2024**

വയനാട് ജില്ലയിലെ ചൂരൽമലയിലുണ്ടായ പ്രകൃതി ദുരന്തത്തിൽ അനേകം പേർക്ക് ജീവഹാനിയുണ്ടായതിലും വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചതിലും സർക്കാർ അതീവ ദുഃഖം രേഖപ്പെടുത്തുന്നു.

പ്രസ്തുത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 2024 ജൂലൈ 30, 31 തീയതികളിൽ സംസ്ഥാനത്ത് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിക്കുന്നു. ടി കാലയളവിൽ സംസ്ഥാനമൊട്ടാകെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടേണ്ടതും സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവയ്ക്കേണ്ടതുമാണ്.

**ഡോ. വേണു വി**
ചീഫ് സെക്രട്ടറി